Document 2022/101/25510 - GENERAL( modified version of 2022/25469/101) - File No. 2021/101/8878
Approved by Registrar on 14/11/2022 09:56:14
http://www.kufos.ac.in/
wIWZD-1GE-oqFH-TsmrN
KUFOS HQRS,Panangad, Ernakulam

**KERALA UNIVERSITY OF FISHERIES & OCEAN STUDIES**
**കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല**
**PANANGAD P.O., KOCHI 682 506, KERALA, INDIA**
Phone: **0484- 2703782, 2700598; Fax: 91-484-2700337;** ***e-mail*****:** **utypanangad@kufos.ac.in**

നം.ജിഎ 4 / 8878/2021 തീയതി : .11.2022

## ലിമിറ്റഡ് ടെൻഡർ നോട്ടീസ്

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയുടെ പനങ്ങാട്ക്യാമ്പസ്സിലെയും പുതുവെയ്പ്പ് ക്യാമ്പസ്സിലെയും ശുചീകരണജോലികൾ, ക്യാമ്പസുകളിലെ ടോയ് ലറ്റുകൾ (തറയും പരിസരവും ഉൾപ്പടെ), വാഷ്ബേസിൻ/ യൂറിനലുകൾ എന്നിവ കഴുകി വൃത്തിയാക്കുന്ന ജോലി ഒരു വർഷത്തേക്ക്കരാർ വ്യവസ്ഥയിൽ ഏറ്റെടുത്ത് ചെയ്തുതരുന്നതിന് കുമ്പളം പഞ്ചായത്തിലെ രജിസ്റ്റേർഡ് കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ടെൻഡറുകൾ ക്ഷണിക്കുന്നു

ശുചീകരണജോലികൾക്ക്1000sq.ft. വൃത്തിയാക്കുന്നതിന് പ്രതിദിനം ലഭിക്കേണ്ട പ്രതിഫലം കണക്കാക്കിയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്. മേൽ പറഞ്ഞ ജോലിക്കാവശ്യമായ ഉപകരണങ്ങളും യൂറിനൽ / ടോയ് ലറ്റ് വൃത്തിയാക്കുന്നതിനുള്ള പ്രെഷർ വാഷർ പമ്പ്***.(ഉപകരണം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതിയും വെള്ളവും സർവകലാശാല സൗജന്യമായി അനുവദിക്കുന്നതാണ്)*** ,ലോഷൻ സോപ്പ്, ടോയ് ലെറ്റ്ക്ലീനർ തുടങ്ങിയ സാധന ങ്ങൾ ഗുണമേന്മ ഉള്ളതും ഉപയോഗിക്കേണ്ടതും ആയത് കരാറുകാരൻ കൊണ്ടുവരേണ്ടതും ആണ്. കൈവശം ഉണ്ടായിരിക്കേണ്ടതാണ്

ആയതിന്റെ **വില/വാടക** കൂടി കണക്കാക്കിയുള്ള തുകയാണ് കോട്ട്ചെയ്യേണ്ടത്.

കൊട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 30.11.2022 3.00 pm

കൊട്ടേഷൻ തുറക്കുന്ന തീയതിയും സമയവും : 30.11.2022 3.00 pm

നിരതദ്രവ്യം 1000/- രൂപ. ഈ തുക ഫിനാൻസ് ഓഫീസർ, കുഫോസ്, പനങ്ങാട് എന്ന പേരിൽ ഡിമാൻഡ്ഡ്രാഫ്റ്റായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന സ്ഥാപനം/വ്യക്തി 1000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റും 200/- രൂപയുടെ മുദ്രപത്രത്തിൽ ഒരു എഗ്രിമെന്റും സമർപ്പിക്കേണ്ടതാണ്. പ്രവർത്തിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ നേരിട്ടു വന്നു കണ്ട്ബോധ്യപ്പെടാവുന്നതാണ്. ക്വട്ടേഷൻ അംഗീകരിക്കുവാനും നിരസിക്കുവാനുമുള്ള അധികാരം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും. ആയത്ചോദ്യം ചെയ്യാൻ പാടുള്ളതല്ല. സർവ്വകലാശാലയിൽ നിലവിലുള്ള എല്ലാ ക്വട്ടേഷൻ /ടെൻഡർ വ്യവസ്ഥകൾ ഇതിനും ബാധകമായിരിക്കും.

ഒപ്പ്
**രജിസ്ട്രാർ i/c**

പകർപ്പ് :നോട്ടീസ്ബോർഡ്/കുമ്പളംപഞ്ചായത്ത്/ വില്ലേജ്ഓഫീസുകൾ/ കൺവീനർ, ക്യാമ്പസ്ഡെവലപ്പ്മെന്റ്കമ്മിറ്റി /ഫാം മാനേജർ / സിസ്റ്റംമാനേജർ / മിച്ചം

**കേരളഫിഷറീസ്സമുദ്രപഠനസർവകലാശാലയുടെപനങ്ങാട്ക്യാമ്പസ് - ശുചീകരണപ്രവർത്തികൾക്കുള്ളവ്യവസ്ഥകൾ**

1. കരാർ കാലാവധി ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ ഒരു വർഷം വരെ ആയിരിക്കും .യാതൊരു കാരണവശാലും കരാർ കാലാവധി നീട്ടി നൽകുന്നതല്ല .
2. കരാറുകാരനോ മറ്റു ബന്ധുക്കൾക്കോ തൊഴിലാളികൾക്കോ ഈ സ്ഥാപനത്തിൽ തുടർന്നുള്ള ജോലി ക്ക് യാതൊരു ആനുകൂല്യങ്ങളും ഉണ്ടായിരിക്കുന്നതല്ല .
3. കരാർ പ്രകാരമുള്ള വേതനത്തിന് പുറമെ യാതൊരു ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല .
4. സ്ത്രീ തൊഴിലാളികൾക്ക്പ്രായം 55 വയസ്സിൽ കവിയാൻ പാടുള്ളതല്ല .
5. എല്ലാ ദിവസവും രാവിലെ 8 മണിക്ക്ശുചീകരണജോലികൾ ആരംഭിക്കേണ്ടതാണ്
6. ശുചീകരണജോലികൾ കഴിഞ്ഞു ഒരാളുടെ സേവനം വൈകിട്ട് 4.30 വരെ നൽകേണ്ടതാണ് .
7. സർവകലാശാല ഉദ്യോഗസ്ഥരുടെ നിർദേശം അനുസരിച്ച് ആവശ്യാനുസരണം സേവനം ലഭ്യമാക്കേണ്ടതാണ്.
8. വളരെ മാന്യമായുള്ള പെരുമാറ്റവും സേവനവും നൽകാനും ഉത്തരവാദിത്വത്തോടെ പെരുമാറാനും തയ്യാറുള്ള വിശ്വസ്തരായ ജീവനക്കാരെ മാത്രമേ ശുചീകരണ പ്രവർത്തികൾക്ക്നിയോഗിക്കാൻ പാടുള്ളു .
9. വ്യവസ്ഥകൾ പ്രകാരമുള്ള പ്രവർത്തിയുടെ ലംഘനമോ സർവകലാശാല ഉദ്യോഗസ്ഥരുടെ നിർദേശങ്ങൾ പാലിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം മുന്നറിയിപ്പ്കൂടാതെ കരാർ റദ്ദാക്കാനും നിയമ നടപടികൾ സ്വീകരിക്കാനും സർവകലാശാലക്ക് അധികാരമുണ്ടായിരിക്കും.
10. ഫാംമാനേജർ/സ്റ്റേഷൻഹെഡ്പുതുവെയ്പ്സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും വേതനം നൽകുക.
11. തൊഴിൽ നിയമപ്രകാരവും ആദായനികുതി നിയമപ്രകാരമുള്ള എല്ലാ നികുതികളും കരാറുകാരൻ അടക്കേണ്ടതും നിലവിലുള്ള തൊഴിൽ നിയമങ്ങൾ എല്ലാം പാലിക്കേണ്ടതുമാണ്.
12. മുറികൾ വൃത്തിയാക്കുന്നതിനുള്ള പ്രഷർ വാഷർ പമ്പ്, ബ്രഷ്, ചൂൽ ,മറ്റു ഉപകരണങ്ങൾ , ലോഷൻ, സോപ്പ്, ടോയ്‌ലറ്റ്ക്ലീനർ തുടങ്ങിയവയും കരാറുകാരൻ സ്വന്തം ചെലവിൽ കൊണ്ടുവരേണ്ടതാണ് .
13. എല്ലാ ദിവസവും പനങ്ങാട് ക്യാമ്പസിലെ ഓഫീസ്മുറികൾ അടക്കമുള്ള (മെയിൻഓഫീസ്, നോർത്ത്-ഈസ്റ്റേൺ ക്യാമ്പസ്, മെൻ ഹോസ്റ്റൽ, പിജി ഹോസ്റ്റൽ(മെൻ)) എല്ലാ മുറികളും,വരാന്ത, കോമൺഏരിയ, കോൺഫറൻസ്ഹാൾ, ഭക്ഷണമുറി തുടങ്ങി എല്ലാ മുറികളും (**ഏകദേശം 85887.67 sqft floor area**), പുതുവെയ്പ്പ് ക്യാമ്പസ്സിലെ ഏകദേശം **23437sqft** ഏരിയയും തുക്കുകയും തുടച്ചു വൃത്തിയായി ശുചീകരിക്കേണ്ടതും, മാറാല തുക്കേണ്ടതും എല്ലാമുറികളും എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്. എല്ലാ ആഴ്ചയിലും ഫാൻ, ജനൽപാളി ,കമ്പികൾ ഇവ തുടച്ചു വൃത്തിയാക്കേണ്ടതാണ്.
14. ക്യാമ്പസിലുള്ള ഏകദേശം **100** ടോയ്‌ലറ്റുകളും, **100** വാഷ്ബേസിൻ/യൂറിനലുകളും ദിവസവും വൃത്തിയാക്കേണ്ടതുണ്ട്.
15. ചപ്പു ചവറുകൾ നിർദ്ദേശിച്ചിട്ടുള്ള കുഴികളിൽ മാത്രം നിക്ഷേപിക്കേണ്ടതുണ്ട് .
16. ശുചീകരണ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തുകയോ മേൽവിവരിച്ച പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം അറിയിപ്പ്കൂടാതെ തന്നെ കരാർ റദ്ദാക്കുവാനുള്ള അധികാരം ക്യാംമ്പസ്ഭരണവിഭാഗത്തിൽ നിക്ഷിപ്തമായിരിക്കും .
17. കരാറുകാരൻ നിയോഗിക്കുന്ന ജോലിക്കാരുടെ ഭാഗത്തു സർവ്വകലാശാലക്കു ഉണ്ടാവുന്ന കഷ്ട നഷ്ടങ്ങൾക്കു കരാറുകാരൻ പൂർണ ഉത്തരവാദിയായിരിക്കും.
18. ***ശുചി മുറികൾ വൃത്തിയാക്കുന്നതിന് പ്രഷർ വാഷർ പമ്പ് കൈവശം ഉണ്ടായിരിക്കേണ്ടതാണ് . (ഉപകരണം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതിയും വെള്ളവും സർവകലാശാല സൗജന്യമായി അനുവദിക്കുന്നതാണ്)***

ഒപ്പ്

*Panangad P.O. 682 506, kochi, Kerala, India. Phone : 91 484 2700964; Fax : 91 484 2700337 Email :- utypanangad@kufos.ac.in*

Document 2022/101/25510 - GENERAL( modified version of 2022/25469/101) - File No. 2021/101/8878
Approved by Registrar on 14/11/2022 09:56:14
http://www.kufos.ac.in/
wIWZD-1GE-oqFH-TsmrN
KUFOS HQRS,Panangad, Ernakulam

രജിസ്ട്രാർ i/c

http://www.kufos.ac.in/ Document 2022/101/25510 - GENERAL( modified version of 2022/25469/101) - File No. 2021/101/8878
wIWZD-lGE-oqFH-TsmrN Approved by Registrar on 14/11/2022 09:56:14
KUFOS HQRS,Panangad, Ernakulam

Panangad P.O. 682 506, kochi, Kerala, India. Phone : 91 484 2700964; Fax : 91 484 2700337 Email :- utypanangad@kufos.ac.in